


# മഴവില്ലുകൾ

കുത്തഴിഞ്ഞതാണെന്റെ
    കൊച്ചു പുസ്തകം–അതിൽ
കുത്തിയും കുറിച്ചും ഞാൻ
    എന്തൊക്കെ വരച്ചുവോ ?

ഞാനറിയുന്നു: കരി–
    വീണൊരീ പ്പുറങ്ങളിൽ
കാണുന്ന പാടൊക്കെയു–
    മെന്റെ കണ്ണീരാണല്ലോ.

ഞാനറിയുന്നു: കീറി
    പ്പോയൊരീ പ്പുറങ്ങളിൽ
വീണുടഞ്ഞതു സർവം
    എന്റെ പൊൻകിനാവല്ലോ.

അവയൊക്കെയും മറ–
    ന്നലമാലകൾ താണ്ടി
അകലേക്കകലേയ്ക്കു
    ഞാൻ തുഴഞ്ഞകന്നു പോയ്.



മൂകനാ, യിരമ്പുന്നൊ–
   രീമഹാനഗരത്തിൽ
ഏകനായൊരു കൊച്ചു
   വാടക മുറിക്കുള്ളിൽ

നനവാർന്നൊരീജ്ജനൽ–
   പ്പാളിയിൽ ക്കവിൾ ചേർത്തു
കരയാനാവാതെ ഞാൻ
   നോക്കി നിൽക്കുന്നു ദൂരെ.

എന്നിലേക്കലിഞ്ഞലി–
   ഞ്ഞില്ലാതെയാകും ദുഃഖ–
ചിന്തകളാണോ മഴ–
   വില്ലുകളായിത്തീർന്നു ? ■ 1965